**864**

ഇസ്രായേലിൻ പരിപാലകൻ അവൻ ഉറങ്ങുകില്ല... മയങ്ങുകില്ല
അവൻ നമ്മെ കാക്കുന്നവൻ... അവൻ നമ്മെ കാക്കുന്നവൻ... (2)

1 പച്ചയായ പുൽപ്പുറങ്ങൾ അവൻ നമുക്കായ് ഒരുക്കിടുന്നു
സ്വച്ഛമാം നദീതടങ്ങൾ നമുക്കായിട്ടവൻ കരുതും-

പാടിടുവിൻ.... പാടിടുവിൻ നാഥനു വൻഘോഷമായ്
പാടിടുവിൻ.... പാടിടുവിൻ
ദേവനു സ്തുതിഗീതങ്ങൾ.. ദേവനു സ്തുതിഗീതങ്ങൾ

2 ഘോരസിംഹഗണമദ്ധ്യേ രാത്രിമുഴുവൻ കിടന്നൊരു നാൾ
ദാനിയേലിൻ ദൈവമവൻ സിംഹവായ്കൾ അടച്ചുവല്ലോ-

3 കരൾ നീറും കദനത്താൽ കരഞ്ഞേറെ ഉരുകിടുമ്പോൾ
മനതാരിൽ സാന്ത്വനത്തിൻ മൃദുമഞ്ഞു ചൊരിയുമവൻ- **W.J.P.**